കാസർകോട്-സമ്പൂർണ്ണ ജൈവകൃഷി ജില്ല

188 (1558) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാസർകോട് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയായി മാറ്റുന്നതിന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് പുതിയതായി ഉദ്യോഗസ്ഥരെ സജ്ജമാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ ;

(ഇ) ജൈവകൃഷി വ്യാപനത്തിനായി പഞ്ചായത്ത് -ജില്ല -സംസ്ഥാനതല സെമിനാറുകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന് ചെലവായ തുകയുടെ വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) കാസർകോട് ജില്ലയെ ജൈവകൃഷി ജില്ലയാക്കി മാറ്റുന്നതിന് കൃഷി വകുപ്പ് മുഖേന 2012-13 മുതൽ ജൈവ കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം കാസർഗോഡ് ജില്ലയിൽ 500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിക്കായി അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ 1124.81705 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് താൽക്കാലികാടിസ്ഥാനത്തിൽ ഫീൽഡ് മാനേജർ, ഫീൽഡ് അസിസ്റ്റന്റ്, എക്കോഷോപ്പ് മാനേജർ എന്നിവരെ നിയമിച്ചിട്ടുണ്ട് :

വർഷം	ഫീൽഡ് മാനേജർ മാരുടെ എണ്ണം	ഫീൽഡ് അസിസ്റ്റന്റ് മാരുടെ എണ്ണം	എക്കോഷോപ്പ് മാനേജർമാർ
2012-13	2	23	
2013-14	14	41	
2014-15	8	23	5

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിന് ബ്ലോക്കുതലത്തിലുള്ള ഇക്കോ ഷോപ്പുകളിലൂടെ പഞ്ചായത്തിൽനിന്നും ലഭ്യമാകുന്ന ജൈവ ഉല്പന്നങ്ങളുടെ വിപണനം നടത്തുന്നു.

(ഇ) ജൈവകൃഷി വ്യാപനത്തിനായി പഞ്ചായത്ത്-ജില്ല-സംസ്ഥാനതല സെമിനാറുകൾ നടത്തിയിട്ടുണ്ട് :

2012- 13	4.75 ലക്ഷം രൂപ	പഞ്ചായത്ത്, ജില്ലാ സെമിനാറുകൾ
2013- 14	13.25 ലക്ഷം രൂപ	പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതല സെമിനാറുകൾ
2014-15	4 ലക്ഷം രൂപ	ജില്ലാ, ബ്ലോക്കുതല സെമിനാറുകൾക്ക്

സംഘമൈത്രി ലേല കേന്ദ്രത്തിന് പിക്കപ്പ് വാൻ

189 (1559) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കടുത്തുരുത്തി കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘമൈത്രി ലേല കേന്ദ്രത്തിന് പിക്കപ്പ് വാൻ വാങ്ങുന്നതിന് കൃഷി വകുപ്പിന്റെ തീരുമാനപ്രകാരം സമർപ്പിച്ചിട്ടുള്ള 80470/എ. ഡബ്ല്യൂ. സി.2/2014/ഫിൻ. നമ്പർ ഫയലിന്റെ തീരുമാനം വ്യക്തമാക്കാമോ ;

(ബി) കാർഷിക ഉൽപ്പന്നങ്ങൾ ലേലകേന്ദ്രത്തിൽ എത്തിക്കുന്നതിനായി ആവിഷ്കരിച്ച് സമർപ്പിച്ചിട്ടുള്ള പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച് 25199/എൻ. സി. എ 2 2014 നമ്പർ ഫയലിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ധനകാര്യ വകുപ്പിന്റെ തീരുമാന പ്രകാരം കടുത്തുരുത്തി കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘമൈത്രി ലേല കേന്ദ്രത്തിന് പിക്കപ്പ് വാൻ വാടകയ്ക്ക് എടുക്കുന്നതിന് കൃഷി ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly